# Tripura receives first ever inland shipping cargo from Bangladesh

September 03, 2020

---

## ത്രിപുരയിലേക്കുള്ള  ആദ്യ ഇൻലാൻഡ് ഷിപ്പിംഗ് കാർഗോ ബംഗ്ലാദേശിൽ നിന്ന്

സെപ്റ്റംബർ 03, 2020

ദൗഖണ്ടി (ബംഗ്ളാദേശ്)- സോനാമുറ (ത്രിപുര) ഇൻലാൻഡ് വാട്ടർ വേ പ്രോട്ടോകോൾ റൂട്ടിന്റെ പ്രവർത്തനത്തിന് പുറമെ ഇന്ത്യ ബംഗ്ലാദേശ് ബന്ധം മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുന്നു.

ബംഗ്ലാദേശിൽ നിന്നുള്ള കപ്പലായ , MB പ്രീമിയർ സിമന്റിട് വഹിച്ചു കൊണ്ട് 2020 സെപ്റ്റംബർ 03 ന് ദൗഖണ്ടിയിൽ നിന്ന് ആരംഭിക്കുകയും 93 കിലോമീറ്ററുകൾ ജുംതി  നദിയിലൂടെ യാത്ര ചെയ്തിനു ശേഷം 2020 സെപ്റ്റംബർ 05 ന് സോനാമുറയിലെത്തിച്ചേരുകയും ചെയ്യുന്നതാണ്. ഇൻലാൻഡ് ജലഗതാഗത മാർഗത്തിലൂടെ ബംഗ്ളാദേശിൽ നിന്നും ത്രിപുരയിലേക്കുള്ള ആദ്യ കയറ്റുമതി ഗതാഗതമാണിത്.

ത്രിപുര മുഖ്യമന്ത്രിയായ ശ്രീ. ബിപ്ലബ് കുമാർ ദേബിന്റെയും ഇന്ത്യയുടെ ബംഗ്ലാദേശ് ഹൈ കമ്മീഷണർ ശ്രീമതി.റിവ ഗാംഗുലിയുടെയും സാന്നിധ്യത്തിലായിരിക്കും കാർഗോ സ്വീകരിക്കപ്പെടുന്നത്.

ബംഗ്ലാദേശുമായുള്ള ഉഭയകക്ഷി വ്യാപാരം കൂടുതൽ സൗകര്യപ്പെടുത്തുന്നതിനു പുറമെ ഈ പുതിയ പ്രോട്ടോകോൾ മാർഗത്തിന്റെ പ്രവർത്തനം ഗതാഗതത്തിന്റെ സാമ്പത്തികലാഭമുള്ളതും , വേഗതയേറിയതും കൂടുതൽ സുരക്ഷിതവും പരിസ്ഥിതി സൗഹാർദപരവുമായ രീതി പ്രദാനം ചെയ്യുന്നു കൂടാതെ ഇരു ഭാഗത്തെയും പ്രാദേശിക സമുദായങ്ങൾക്ക് സാമ്പത്തിക ലാഭത്തിനും ഇത് കാരണമാകുന്നു.

ഇരു രാജ്യങ്ങൾക്കിടയിൽ , പ്രത്യേകിച്ച് ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലകളിലെ ഇൻലാൻഡ് ജലഗതാഗത ബന്ധം സ്ഥാപിക്കുന്നതിനും ഉഭയകക്ഷി വ്യാപാരം മെച്ചപ്പെടുത്തുന്നതിനും ഇന്ത്യയ്ക്കും ബംഗ്ലാദേശിനുമിടയിൽ 1972 ലാണ് പ്രോട്ടോകോൾ ഫോർ ഇൻലാൻഡ് വാട്ടർ

ട്രേയ്ഡ് & ട്രാൻസിറ്റ് (PIWTT) ഒപ്പ് വച്ചത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ, ഏകദേശം 3.5 MMT ചരക്കാണ് ഇന്ത്യയ്ക്കും ബംഗ്ലാദേശിനുമിടയിൽ പ്രോട്ടോകോൾ റൂട്ടുകളിലൂടെ കൈമാറ്റം ചെയ്തിരിക്കുന്നത്. 2020 മെയ് 20 ന് 2 മത് ഭേദഗതി ഒപ്പ് വച്ച് കൊണ്ട് PIWTT യുടെ വ്യാപ്തി കൂടുതൽ വര്ധിപ്പിക്കുകയുണ്ടായി, ഇതിൽ അധികമായ റോട്ടുകളും സമീപിക്കാവുന്ന തുറമുഖങ്ങളും കൂട്ടിചേർത്തിരുന്നു. ഗുംതി നദിയുടെ സോനാമുറ -ദൗഖണ്ടി (93 km) നഭാഗം പ്രോട്ടോകോളിൽ പുതിയ റൂട്ടായി കൂട്ടിച്ചേർക്കുന്നത് ത്രിപുര, അയൽസംസ്ഥാങ്ങൾ എന്നിവയ്ക്ക് ഇന്ത്യ ബംഗ്ലാദേശ് സാമ്പത്തിക കേന്ദ്രങ്ങളുമായി പ്രവർത്തിക്കുന്നതിനുള്ള അവസരമൊരുക്കുകയും ഇത് രണ്ടു രാജ്യങ്ങളിലെയും തീരപ്രദേശങ്ങൾക്ക് സഹായകമായി മാറുകയും ചെയ്യുന്നതാണ്.

**ന്യൂ ഡൽഹി**
**03 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.